ഉത്തരം

(എ) ഉണ്ട്.

(ബി - ഡി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കോട്ടയം ജില്ലയിലെ കാരിത്താസ് ലെവൽക്രോസ് നമ്പർ 30-ലുള്ള മേൽപ്പാലത്തിന്റെ നിർമ്മാണം

239 (5129) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കോട്ടയം ജില്ലയിലെ കാരിത്താസ് ലെവൽക്രോസ് നമ്പർ 30-ലുള്ള മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുതുക വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) റെയിൽവേ ബഡ്ജറ്റിൽ ഐറ്റം നമ്പർ 290 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 40 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി & സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് റെയിൽവേ സ്റ്റേഷൻ വികസനം

240 (5130) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റെയിൽവേ സ്റ്റേഷൻ വികസനത്തിന് റെയിൽവേ വകുപ്പ് എത്ര കോടി രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഹരിപ്പാട് റെയിൽവേ സ്റ്റേഷനിൽ രണ്ടാം പ്ലാറ്റ്ഫോം എത്ര ആഴ്ചകൾക്കകം പൂർണ്ണമാകും എന്ന് വ്യക്തമാക്കുമോ ;

(ഡി) ഹരിപ്പാട് ഇലഞ്ഞിമേൽ റോഡിൽ റെയിൽവേ ഒരു ആർ.ഒ.ബി. നിർമ്മിക്കണം എന്ന എം.എൽ.എ. യുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly